

# വിടരാത്ത പൂവിലെ സുഗന്ധം

**സി. ആൻഡ്രൂസ്**

**(ഒരേ ആശയത്തിൻെറ രണ്ട് വ്യത്യസ്ത കാവ്യാവിഷ്കാരങ്ങൾ. ഒരു പരീക്ഷണം)**

വിടരാത്ത പൂവിനു സുഗന്ധം ഇല്ല
വിടർന്ന പൂവിനു അതിൻെറ സുഗന്ധം
സ്വന്തം അല്ല
വിടർന്നാൽ വിട പറയാതെ തിരികെ
നോക്കാതെ
ഒരിക്കലും തിരികെ വരാതെ അകലുന്നു സുഗന്ധം

നീ എൻേറത് മാത്രം, എൻെറ സ്വന്തം എന്നു പൂ വിതുമ്പുന്നു
എന്നാൽ അനന്തതയിലേക്ക് സ്വയം ബലിയായി
പൂവിൽ നിന്നും എന്നേ അകന്നു സുഗന്ധം

ഞാൻ എനിക്ക് പോലും സ്വന്തം അല്ല,
ആരുടേയും സ്വന്തം അല്ല എന്നു മന്ത്രിക്കുന്നു സുഗന്ധം
മണ്ണിലേക്ക് മടങ്ങുന്നു ഉണങ്ങി വീഴുന്ന പൂക്കൾ
അനന്തതയിൽ ലയിക്കുന്ന സുഗന്ധം നിത്യത നേടുന്നു

ജീവിതം പൂ പോലെ
കർമ്മങ്ങൾ സുഗന്ധം പോലെ
മനുഷ്യർ  കാണാതെ എവിടെ എല്ലാം എത്രയോ പൂക്കൾ വിരിയുന്നു
എല്ലാം എല്ലാം എനിക്ക് വേണ്ടി എന്നു മൂഢൻ മനുഷ്യൻ

എല്ലാ പൂക്കളും മനുഷ്യരേക്കാൾ ഉത്തമം
മതം ഇല്ല ആധി ഇല്ല വർണ്ണം ഇല്ല പൂക്കൾക്ക്
ഞാൻ ഞാൻ, എൻെറ സ്വന്തം, എൻേറത് മാത്രം
എന്ന അനേകം ചങ്ങലകൾ കൊണ്ട് സ്വയം വിലങ്ങുകൾ
പൂട്ടുന്നു മനുഷ്യർ

അവർ ഒരിക്കലും സുഗന്ധം ആകുന്നില്ല
പൂവിനെപോലെ പൂഴിയിൽ പൂണ്ട് നശിക്കുന്നു.

# വിടരും മുമ്പ് പൂവിനു സുഗന്ധമെവിടെ?

സി. ആൻഡ്രൂസ്

വിരിയുമ്പോൾ പൂവിന് കൈവിട്ടുപോകുന്നത്
അതിൻെറ സുഗന്ധമാണ്.
അത് വരെ അടക്കി വച്ച.
നീ എൻേറതാണു, ഞാൻ നിൻേറതാണു
എന്ന ശ്വാസനിശ്വാസം.
അത്
വിടപറയാതെ, ഒരിക്കലും തിരിച്ച് വരാതെ
നിത്യതയിലേക്ക് താനേ അലിഞ്ഞ്ചേരുന്നു
മണം തൻേറതെന്ന് പൂവ് ഉറപ്പിക്കുമ്പോൾ
പൂവിൻെറയല്ല താനെന്ന് സുഗന്ധം
മണ്ണിൽ നിന്നും വന്ന പൂ മണ്ണിലേക്ക് മടങ്ങുന്നു
സുഗന്ധമോ സ്രുഷ്ടിയുടെ ഭാഗമായി
അനശ്വരമായി നിലകൊള്ളുന്നു
ജീവിതഗതിയും ഇതേപോലെ
ശരീരമെന്ന പൂവിൽ
കർമ്മമെന്ന സുഗന്ധം
നരനയനങ്ങൾക്കഗോചരമായി
വന്യതയിൽ, ശൂന്യതയിൽ
വിരിയുന്നു പൂക്കൾ
അവ മനുഷ്യർക്ക് നുള്ളാനല്ല
ജാതിയും മതവുമില്ലാതെ
നിത്യതയിൽ വിലയം പ്രാപിക്കുന്ന
അവ മനുഷ്യരെക്കാൾ
ശ്രേഷ്ഠത കൈവരിക്കുന്നു.

**end**